## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 828** **8.3.2012-ൽ മറുപടിക്ക്.**

### റോഡുസുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ വർക്കല കഹാർ:<br>ശ്രീ.റ്റി.എൻ പ്രതാപൻ:<br>ശ്രീ.കെ.മുരളീധരൻ: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | റോഡുസുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | അമിതവേഗതയും, റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതക്കെതിരെ അവബോധം |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹനവകുപ്പിനനുവദിച്ച ഫണ്ടു പയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലനപരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ടിയ നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല - മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചേർത്തല - അരൂർ ഭാഗത്ത് |

| | | | |
|---|---|---|---|
| | | | സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. ട്രാഫിക് സൈൻബോർഡുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. |
| (ബി) | ഇതിനായി സ്പെഷ്യൽ സ്ക്വാഡുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. നിലവിൽ 17 സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. കൂടാതെ പുതുതായി ആരംഭിച്ച 17 സ്ക്വാഡുകളിലേയ്ക്ക് ജീവനക്കാരെ നിയമിച്ചു വരുന്നു. |
| (സി) | ജില്ലാതലങ്ങളിൽ വാഹനപരിശോധനയും ബോധവൽക്കരണവും ഉൾപ്പെടെയുള്ള റോഡുസുരക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം സ്പെഷ്യൽ സ്ക്വാഡുകളെ ഏൽപ്പിക്കുമോ; വ്യക്തമാക്കുമോ? | (സി) | സ്ക്വാഡുകളുടെ പ്രവർത്തനം റോഡു സുരക്ഷയും നിയമം ലംഘിക്കുന്നവരെ ബോധവൽക്കരണം നടത്തുക എന്ന ചുമതലയും ഉൾപ്പെട്ടതാണ്. ഇത് നിയന്ത്രിക്കാൻ ഓരോ സോണിലും ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെയും സംസ്ഥാന തലത്തിൽ ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെയും പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ